## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1217

1.7.2015 – ൽ മറുപടിയ്ക്ക്

## കയർ കേരള പദ്ധതി പ്രകാരമുള്ള വിദേശ ഓർഡറുകൾ

| ചോദ്യം<br><br>ശ്രീ. പി.തിലോത്തമൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ കേരള പദ്ധതിയിലൂടെ കഴിഞ്ഞ 4 വർഷങ്ങളിലായി കേരളത്തിന് എത്ര രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ; | എ) കയർ കേരള പദ്ധതിയിലൂടെ കഴിഞ്ഞ 4 വർഷങ്ങളിലായി സ്റ്റേറ്റ് കയർ കോർപ്പറേഷന് 773.49 ലക്ഷം രൂപയുടെയും, ഫോം മാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡിന് 191.99 ലക്ഷം രൂപയുടെയും കയർഫെഡിന് 85.59 ലക്ഷം രൂപയുടെയും വിദേശ ഓർഡറുകൾ ലഭിച്ചു. സ്വകാര്യ സ്ഥാപനങ്ങൾക്ക് ലഭിച്ച വിദേശ ഓർഡറുകളുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| ബി) കയർ ഉല്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ? | ബി) കയർ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുന്നതിനായി കയർ മേഖലയിലെ നൂതന ഉൽപ്പന്നങ്ങളും കയർ മെഷിനറികളും, സാങ്കേതിക വിദ്യയും കയറ്റുമതിക്കാർക്കും ഉപഭോക്താവിനും പരിചയപ്പെടുത്തുന്നതിനായി നാഷണൽ/ഇന്റർ നാഷണൽ സെമിനാറുകൾ സംഘടിപ്പിച്ചുകൊണ്ടും, കേരളത്തിലെ പ്രധാനപ്പെട്ട എക്സ്പോർട്ടർമാരുടെ വിവരങ്ങളും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തി ഡയറക്ടറി പ്രസിദ്ധീകരിച്ച് പ്രധാന ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയും വരുന്നു. കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുന്നതിനായി |

| | |
|---|---|
| | വൈവിദ്ധ്യവൽക്കരണത്തിന് സർക്കാർ കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ശബ്ദ നിയന്ത്രണത്തിനുള്ള വളരെ ഫലപ്രദമായതും ചിലവ് കുറഞ്ഞതുമായ ഒരു കയറുൽപ്പന്നം വികസിപ്പിച്ചിട്ടുണ്ട്.<br><br>കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ തലത്തിലുള്ള കയർ സഹകരണ സംഘങ്ങൾക്കും കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വ്യാപാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു മാർക്കറ്റിംഗ് റിസർച്ച് ഡിവിഷൻ വിഭാവനം ചെയ്തിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിപണി സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, വിദേശത്ത് സംഘടിപ്പിക്കുന്ന ട്രേഡ് ഷോ കളിലും ബയർ സെല്ലർ മീറ്റുകളിലും പങ്കെടുത്ത് കയർ ഉൽപ്പന്നങ്ങളുടെ സാധ്യതകളെ വിശദീകരിക്കുകയും ഓർഡറുകൾ ശേഖരിക്കുകയും ചെയ്യുന്നു. കൂടാതെ വിദേശ ഉപഭോക്താക്കളുടെ ഇന്ത്യയിലുള്ള ഏജന്റുമാരെ നേരിൽക്കണ്ട് ഉൽപ്പന്നങ്ങളുടെ വിദേശ ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ആധുനിക വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിദേശ വിപണന സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഓൺ |

| | |
|---|---|
| | ലൈനിലൂടെയും വിദേശത്ത് കയർ ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടു പിടിച്ചും അവരുമായി ബന്ധപ്പെട്ട് വിദേശ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡും, കയർഫെഡും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ